കേരളീയം

മുനിസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്, കൊക്കാല, തൃശൂർ-2

ലക്കം 107 ലക്കം 6 • പുസ്തകം 8 • 2006 ജൂൺ • 1181 എടവം-മിഥുനം • പേജ് 52 • വില 15 രൂപ

അതിരപ്പിള്ളി പതിപ്പ്



കടപ്പാട് : അമിതാബച്ചന്റെ 'പുഴ ജീവനുവേണ്ടി' ഡോക്യുമെന്ററിയിൽനിന്ന് ഒരു വാഴച്ചാൽ ദൃശ്യം.

# ചോലയാറിനെ സംരക്ഷിക്കുക
# അതിരപ്പിള്ളി വൈദ്യുതപദ്ധതി വേണ്ട

ഇടയ്ക്ക് മഴയും ചുടേറിയ വെയിലുമുള്ള ഈ വർഷക്കാലത്ത് കുറേ ജനങ്ങൾ സമരത്തിലാണ്, അതിജീവനസമരം. ഇവരിൽ സാധാരണ നാട്ടുകാരുണ്ട്. ആദിവാസികളുണ്ട്. കൂലിപ്പണിക്കാരും സർക്കാർ ഉദ്യോഗസ്ഥരും കച്ചവടക്കാരും വ്യവസായികളും വിദ്യാർത്ഥികളും സ്ത്രീകളും കുട്ടികളും എല്ലാമുണ്ട്. രാഷ്ട്രീയ പ്രവർത്തകരും പരിസ്ഥിതി പ്രവർത്തകരുമുണ്ട്. ചോലയാറിനുവേണ്ടിയാണ്, ചാലക്കുടി പുഴ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്, പുഴയൊകുന്നതിനുവേണ്ടിയാണ് ഈ സമരം. അതിരപ്പിള്ളിയിൽ കെ.എസ്.ഇ.ബി. പണിയാൻ ഉദ്ദേശിക്കുന്ന അണക്കെട്ടിനെതിരായ സമരം. 10-15 വർഷങ്ങളായി ചാലക്കുടി പുഴ സംരക്ഷണത്തിന് വ്യത്യസ്ത തലങ്ങളിൽ കുറേയേറെ പേർ പഠനത്തിന്റെയും അന്വേഷണത്തിന്റെയും പ്രചരണത്തിന്റെ പാതയിലാണ്. എന്നാൽ ഇപ്പോൾ വ്യാപകമായി ജനപിന്തുണ കിട്ടിയ ഒരു ജനകീയ സമരമായി അതു മുന്നേറിയിട്ടുണ്ട്. കുറേപേരുടെ (അതിൽ മനുഷ്യർ മാത്രമല്ല, മൃഗങ്ങളും പക്ഷികളും മത്സ്യങ്ങളും ചെറുജീവികളും സസ്യങ്ങളുമുണ്ട്) ഭാവി തീരുമാനിക്കുന്ന നിർണ്ണായകമായ ഒരു സമയമാണിത്.

അതിപ്പിള്ളി പദ്ധതി വേണ്ട, പുഴ ജീവനോടെ ഒഴുകണം, കാടുകൾ നശിപ്പിക്കരുത്, ആദിവാസികളെ കുടിയൊഴിപ്പിക്കരുത്, തൊഴിലും ജീവിതമാർഗ്ഗവും മുട്ടിക്കരുത്, സാധാരണക്കാർക്ക് ഇന്നും പ്രാപ്യമായ വെള്ളച്ചാട്ടം നശിപ്പിക്കരുത്, തുടങ്ങിയ അടിയന്തിരാവശ്യങ്ങളുയർത്തി താരതമ്യേന നിശബ്ദമായി മുന്നേറുന്ന ഈ സമരത്തിന് പുഴയുടെ പോലെ തന്നെ ഒഴുക്കുണ്ട്. വനം പോലെ ജീവനുണ്ട്. ജലത്തിന്റെ അധികാരം, പുഴയുടെ അവകാശം ജനങ്ങൾക്കാണ് എന്ന്, കാടും പുഴയും സംരക്ഷിക്കണമെന്ന് ആവശ്യപ്പെടുന്നവർ പറയുന്നു. വൈദ്യുതിക്ക് അനേക സാധ്യതകളുള്ളപ്പോൾ ഇവിടെ നശിപ്പിക്കാനിനി കാടും പുഴയും ജീവിതവുമില്ലെന്ന് കണക്കിലൂടെയും കാര്യങ്ങളുടെയും പറയാൻ എല്ലാർക്കും ബാധ്യതയുണ്ട്. വൈദ്യുതിക്ക് അനേക സാധ്യതകളുണ്ട്. വൈദ്യുതി = ഊർജ്ജം = വികസനം. അത്രേ ശരിയല്ല. കുടിവെള്ളവും കൃഷിയും തൊഴിലും ജീവിതമാർഗ്ഗവും ആവാസവ്യവസ്ഥയും ഭാവിയും എല്ലാം ചേർന്നാണ് ശരിയായ വികസനം.

കേരളീയത്തിന്റെ ഈ പ്രത്യേക ലക്കം തുടരുന്ന ജീവിതസമരമായ, നിലനില്പിനുള്ള, അടിസ്ഥാന വിഭവങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ജനാധിപത്യ സമരപ്രവർത്തകർക്ക് സമർപ്പിക്കുന്നു. ഈ പുഴയും ജീവിതവും സുരക്ഷിതമായി, സ്ഥായിയായി ഒഴുകാൻ ചുമതല നമ്മുടേതുകൂടിയാണ്.

പത്രാധിപർ : പ്രമോദ്; ഏകോപനം : റോബിൻ ടൈപ്പ് സെറ്റിങ്ങ് : മൗസ് ആന്റ് മൈന്റ്സ്, തൃശൂർ
സാങ്കേതിക സഹായം : എൻ.ചന്ദ്രൻ, പി.എ.അശോകൻ, പി.ടി.എം.ഹുസൈൻ, ഡോ.ബേബി എ.എ., വി.എം.ഗിരിജ, ഷീബ അമീർ, പുജ, തോമസ്, എസ്. ലിമ, അജിലാൽ, മധുരാജ്, എൻ.പി. ജോൺസൺ, ചിറ്റൂർ ഷണ്മുഖദാസ്, വി.എസ്. ഗിരീശൻ, റഫീഖ് അഹമ്മദ് സി.ആർ. നീലകണ്ഠൻ, കെ.എ. സമദ്, എസ്. സുനിൽകുമാർ, അഡ്വ. ആശ, മേഘ, ഡോ. ലത, കെ.എസ്. സുബിദ്, രമേഷ്, ശ്രീനിവാസൻ ചൂരക്കാട്ടുകര, എം. മോഹൻദാസ്, എസ്.പി. രവി, സജീവൻ, അമിതാബച്ചൻ, ഡോ. എം.എച്ച്. ഇല്യാസ്, റഫീഖ് വൈപ്പിപ്പാടത്ത്